Rao Sahib I. N. Menon (*Director of Public Instruction*): One hon'ble member seems to have a doubt and wants a clear statement as to the proper medical authority who can issue medical certificates. If that is so the complaint is not of those who find it difficult to get certificates, but the complaint is from those who are incapacitated under the new rules to issue the medical certificates.

Mr. Deputy President: We will now put the question to vote. The resolution as amended reads thus: "*This Council recommends to the Government to cancel the existing stipulation that Government servants should produce certificates from Assistant Surgeons when applying for sick leave and to permit the production of certificates from any medical man having registrable qualifications of L. M. P. or higher ones.*"

The resolution, as amendea, was put and carried.

7. Prohibiting the import of Beedies made outside the State.

മിസ്റ്റർ വി. കെ. കുട്ടി: "സംസ്ഥാലത്തിലെ പുകയില ലൈസൻസുകാർ ഫാക്ടറി മുതൽ പുറത്തുനിന്നും തയ്യാറാക്കിയ ബീഡികൾ വരുത്തി വില്പന ചെയ്യുവാൻ പാടുള്ളതല്ലെന്നും, രാജ്യത്തു് തീപ്പിടിക്കുന്ന ബീഡികൾ മാത്രമേ വില്പനചെയ്യുവാൻ പാടുള്ളുവെന്നും വിവരിക്കുന്ന നിബന്ധനകൾ ലൈസൻസിൽ ഉൾപ്പെടുത്തണമെന്നു് ഈ യോഗം മഹാരാജാവു തിരുമനസ്സിലെ ഗവണ്മെണ്ടിനോടു പ്രാർത്ഥിക്കുന്നു". സർ, ഈ അടുത്തകാലത്തു് രാജ്യത്തിന്റെ പലഭാഗങ്ങളിലും ബീഡിത്തൊഴിലാളികളുടെ പണിമുടക്കു സംബന്ധിച്ചുണ്ടായിരുന്ന ഫലങ്ങളും തൽമൂലം ഗവണ്മെണ്ടിനും നാട്ടുകാർക്കും നേരിട്ടിട്ടുള്ള ബുദ്ധിമുട്ടുകളും പത്രങ്ങളിൽ നിന്നും എല്ലാവരും അറിഞ്ഞിട്ടുള്ള സംഗതിയാണു്. കൊച്ചി ഗവണ്മെണ്ടു് ഇപ്പോൾ രാജ്യത്തിൽ സമാധാനവും സംതൃപ്തിയുമുണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് പലതരത്തിലുള്ള പ്രസ്ഥാനങ്ങളും ആരംഭിച്ചിട്ടുള്ളതെന്നു സ്പഷ്ടമായിട്ടുണ്ടു്. ആ സ്ഥിതിക്കു് ഗവണ്മെണ്ടിന്റെ ഇന്നത്തെനയമനുസരിച്ചു് രാജ്യത്തിൽ സമാധാനവും സംതൃപ്തിയും ഉളവാക്കണമെന്ന ഉദ്ദേശത്തോടുകൂടി അവതരിപ്പിച്ചിട്ടുള്ള ഒരു പ്രമേയമാണിതു്. കൊച്ചിയിൽ മാത്രമല്ല ലോകമൊട്ടുക്കും തൊഴിലില്ലായ്മയുടെ പരിഹാരത്തിനുള്ള മാർഗ്ഗങ്ങൾ തേടിക്കൊണ്ടിരിക്കുമ്പോൾ അതേസന്ദർഭത്തിൽ നമ്മുടെ ഗവണ്മെണ്ടു് ഈ നാട്ടിലെ വ്യാപാരികൾക്കോ മറ്റാർക്കെങ്കിലുമോ യാതൊരു ബുദ്ധിമുട്ടിനും, കഷ്ടപ്പാടിനും ഇടയില്ലാത്തവിധത്തിൽ ഏതാനും പേർക്കു തൊഴിലുണ്ടാക്കിക്കൊടുക്കുവാനായി പരിശ്രമിക്കുന്നുവെങ്കിൽ അതൊരു ചെറിയകാര്യമല്ലെന്നാണു് ഞാൻ പറയുന്നതു്. ഞാൻ ഇന്നിവിടെ അവതരിപ്പിച്ചിട്ടുള്ള പ്രമേയം പാസ്സായി ഗവണ്മെണ്ടിൽ നിന്നും ഇതു നടപ്പിൽ വരുത്തുന്നപക്ഷം കൊച്ചി രാജ്യത്തിൽ തൊഴിലില്ലാതെ വിഷമിക്കുന്ന ഗണ്യമായ ഒരു വിഭാഗത്തിനു തൊഴിൽ കൊടുത്തു് അവരെ സഹായിക്കുവാൻ സാധിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ഈ രാജ്യത്തുള്ള ബീഡിതൊഴുപ്പു തൊഴിലാളികളുടെ എണ്ണം അനവധിയാണെന്നു കഴിഞ്ഞ സ്റ്റെക്കുകാലത്തു് ശവമ്മെണ്ടിനുതന്നെയും മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ടു്. മുകുന്ദപുരം, തലപ്പിള്ളി, ചിറ്റൂർ എന്നീ താലൂക്കുകളിലാണു് പുറത്തുനിന്നു ബീഡികൾ ധാരാളം വരുത്തി വില്പന നടത്തിവരുന്നതു്. ഈ മൂന്നു താലൂക്കുകളിലും കൂടി കണക്കാക്കുന്നതായാൽ രണ്ടുകോടി എണ്ണത്തെട്ടു ലക്ഷം ബീഡികളാണു് അവർ വരുത്തി വില്ക്കുന്നതെന്നു കാണാവുന്നതാണു്. ആയിരം ബീഡിക്കു് നൂറു വീതം കണക്കാക്കുന്നപക്ഷം ഫ്രഞ്ച്, ൦൦൦ ഉറുപ്പികയാണു് പുറത്തുള്ള ബീഡി വരുത്തുന്നതിനായി ചിലവാക്കുന്നതു്. ചിലപ്പോൾ ആയിരത്തിനു് എട്ടണയും പത്തണയും വീതം വിലയുണ്ടായിരിക്കും. ഈ ഉറുപ്പികക്കുള്ള ബീഡികൾ ഈ നാട്ടിൽതന്നെ തെരുത്തുണ്ടാക്കുന്നപക്ഷം ആ സംഖ്യ ഇവിടത്തെ തൊഴിലാളികൾക്കായി വീതിച്ചുകൊടുക്കുവാൻ സാധിക്കുന്നതാണു്. ഈ നാട്ടിലുണ്ടാക്കുന്ന ബീഡികൾ ഇവിടെനിന്നും പുറത്തേക്കു പോകുന്നില്ല. നമ്മുടെ രാജ്യത്തു് എ. ക്ലാസെന്നും ബീ. ക്ലാസെന്നും രണ്ടു തരമായി തിരിച്ചാണു് ലൈസൻസുകൾ കൊടുത്തുവരുന്നതു്. ലേലംവിളിച്ചു കൊടുക്കുന്ന സാധനങ്ങൾ എ. ക്ലാസു ലൈസൻസുകാർ പുറത്തുനിന്നും വരുത്തി ബീ. ക്ലാസുകാക്കു കൊടുക്കണമെന്നാണു് നിയമം. എന്നാൽ അതനുസരിച്ചു് ഓരോ ബീ. ക്ലാസു കച്ചവടക്കാർക്കും ഓരോ എ. ക്ലാസു നടത്തുവാൻ സാധിക്കുമെന്നുണ്ടെങ്കിൽ വിദേശത്തുനിന്നുള്ള ബീഡി ഇറക്കുമതിചെയ്യുണ്ടിവരുകയില്ലായിരുന്നു. ൧൦൦, ൧൫൦ ഷാപ്പുകൾ ഓരോരുത്തർ ഒന്നായി ലേലംവിളിക്കുകയും അവരുടെ ഷാപ്പുകളിൽ ബീഡിതെരുക്കേണ്ടവക്കു വേണ്ട സ്ഥലങ്ങളിൽ തെരുപ്പു കൊടുക്കുകയും, ബാക്കിയുള്ളതു് ഒന്നായി വിദേശങ്ങളിൽ നിന്നു വരുത്തുകയുമാണു് ചെയ്യുന്നതു്. ഷാപ്പുകൾ ഒറ്റയൊറ്റയായി ലേലംവിളിച്ചുകൊടുക്കുകയാണെങ്കിൽ ഇങ്ങിനെയുള്ള ഇറക്കുമതി വരികയില്ലായിരുന്നു. ഇപ്പോൾ ഇറക്കുമതിചെയ്യുവരുന്നതു് പ്രധാനമായി ആർ.വി.ജി. എന്ന പാലക്കാടൻ ബീഡിയാണു്. ഇതിനു് അവിടെ ഒരു ഉറുപ്പിക രണ്ടണ മാത്രമേ വിലയുള്ളൂ. കൊച്ചി രാജ്യത്തു് ഒരു ഉറുപ്പികകൊണ്ടു് ആയിരം ബീഡി തയ്യാറാക്കുവാനും വില്പന നടത്തുവാനും സാധിക്കും. വിദേശത്തുനിന്നും വരുത്താതെ നമ്മുടെ രാജ്യത്തുതന്നെ ബീഡി ഉണ്ടാക്കുകയാണെങ്കിൽ ഈ രണ്ടുകോടി എണ്ണത്തിയെട്ടുലക്ഷം ബീഡിയും ഇവിടെ ഉണ്ടാക്കാവുന്നതും അതിലേക്കുള്ള കൂലികളെല്ലാം ഇവിടെത്തന്നെ ഒതുങ്ങുന്നതുമാകുന്നു. ശവമ്മെണ്ടിനു് ഇപ്രകാരം ഒരു വാദം പുറപ്പെടുവിക്കുന്നതുകൊണ്ടു് വലിയ നഷ്ടം സംഭവിക്കുമോ എന്നൊരു സംശയം മുമ്പേതന്നെ ഉള്ളതായി എനിക്കറിയാം. വാസ്തവത്തിൽ ആ സംശയത്തിനു യാതൊരവകാശവുമില്ല. ഓരോ ഷാപ്പുകളും ഒറ്റയൊറ്റയായി ലേലംവിളിച്ചുകൊടുക്കുന്നപക്ഷം നഷ്ടമുണ്ടാകുമെന്നു ശവമ്മെണ്ടു സംശയിച്ചിട്ടോ വ്യസനിച്ചിട്ടോ യാതൊരു കാര്യവുമില്ല. ഇതു് യാതൊരുവിധത്തിലും ശവമ്മെണ്ടിനു നഷ്ടമുണ്ടാകാത്ത ഒരു സംഗതിയാണു്. വിദേശത്തുനിന്നു വരുത്തുന്നമാതിരിയുള്ള ബീഡികൾ ഈ രാജ്യത്തുണ്ടാക്കുവാനും ഇപ്പോഴത്തതിലും കൂടുതൽ കൂലി വില്ക്കുവാനും സാധിക്കുന്നതാണു്. തൽമൂലം പട്ടിണിപാവകളായി തൊഴിലില്ലാതെ കഷ്ടപ്പെടുന്നവർക്കു തൊഴിൽ കൊടുക്കുവാനും സാധിക്കും. അങ്ങിനെയുള്ള സ്ഥിതിഗതികൾ ഈ രാജ്യത്തുണ്ടാകുമെങ്കിൽ പിന്നെ എന്തിനാണു് ഇത്രത്തോളം തൊഴിലില്ലായ്മ പ്രശ്നത്തെപ്പറ്റി ആലോചിച്ചു ബുദ്ധിമുട്ടുന്നതെന്നാണു് ഞാൻ ചോദിക്കുന്നതു്.

കൂലിനിരക്കിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ അതിനെപ്പറ്റിയും രണ്ടുമൂന്നു പ്രമേയങ്ങൾ ഈ അജണ്ടയിൽ ചേർത്തുകാണുന്നുണ്ടു്. ഈനിലയിൽ വിദേശ ബീഡി ഇറക്കുമതിചെയ്യുന്നതുമൂലം നമ്മുടെ രാജ്യത്തെ തൊഴിലാളികൾക്കു വലുതായ നഷ്ടം സംഭവിക്കുന്നുണ്ടെന്നും, അവർ തൊഴിലില്ലാതെ വള

LIBRARY ARCHIVES Kerala Legislative Assembly

രെ ബുദ്ധിമുട്ടുണ്ടെന്നും ഉള്ള സംഗതിയെ ഞാൻ ഈ സഭയുടെ മുമ്പാകെ വെച്ചുകൊണ്ട് ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ സി. കെ. എസ്സ്. മണി: മിസ്റ്റർ പ്രസിഡൻറ്, സർ, എൻറെ മാന്യസ്നേഹിതൻ തൊഴിലാളി മെമ്പർ അവതരിപ്പിച്ചിരിക്കുന്ന ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. കുറെനാളായി ബീഡിത്തൊഴിലാളികളും പുകയിലഷാപ്പു കണ്ട്രാക്ടർമാരും തമ്മിലുള്ള മത്സരംകൊണ്ടു നാട്ടിൽ പല അസ്വാസ്ഥ്യങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. പ്രധാനമായി ഇതിനു മൂന്നു കാരണങ്ങളാണ് പറഞ്ഞുകാണുന്നതു്. ഒന്നാമതായി ബീഡിതെറുപ്പിനു് ക്ലിപ്തമായ കൂലിനിരക്കില്ലായ്മ. രണ്ടാമതായി ഓരോ താലൂക്കിലുമുള്ള ഷാപ്പുകളും ഓരോ വ്യക്തികൾക്കു് ഒന്നായി ലേലംചെയ്തു കൊടുക്കൽ. മൂന്നാമതായി പുറരാജ്യങ്ങളിൽനിന്നുള്ള ബീഡി ഇവിടെ വരുത്തി വില്ക്കുന്ന സമ്പ്രദായം. കൂലിനിരക്കിനെ സംബന്ധിച്ചു് ഞാനും ബഹുമാനപ്പെട്ട തൊഴിലാളി മെമ്പറും ഓരോ പ്രമേയങ്ങൾ ഈ സഭയുടെ ആലോചനയ്ക്കു് അയച്ചിട്ടുള്ളതുകൊണ്ടു് അതിനെപ്പറ്റി ഇവിടെ പ്രതിപാദിക്കണമെന്നു വിചാരിക്കുന്നില്ല. ഷാപ്പുകൾ ഒന്നായി ഓരോ വ്യക്തികൾക്കു കണ്ട്രാക്ടു് കൊടുക്കുന്നതിനെപ്പറ്റി ഈ സഭയിൽ പലപ്രാവശ്യം നിശിതമായ വിമർശനങ്ങൾ നടത്തീട്ടുള്ളതുകൊണ്ടു് അടുത്തകൊല്ലമെങ്കിലും ശമ്മെണ്ടു് ആ വിഷയത്തിൽ എന്തെങ്കിലും ചെയ്യുമെന്നുള്ള വിശ്വാസത്തോടുകൂടി അതിനെപ്പറ്റിയും പ്രതിപാദിക്കണമെന്നു വിചാരിക്കുന്നില്ല. വിദേശ ബീഡികളെ സംബന്ധിച്ചിടത്തോളമുള്ള ഈ പ്രമേയതത്വത്തെ ഈ സഭയിലെ എല്ലാ അംഗങ്ങളും ഒന്നുപോലെ സ്വീകരിച്ചു് അനുകൂലിക്കുമെന്നാണ് എൻറെ വിശ്വാസം. ശമ്മെണ്ടു് ഇതിനുമുമ്പു് ഈ പ്രമേയതത്വത്തെ ചില കാരണങ്ങൾ പറഞ്ഞു് എതിർത്തിട്ടുള്ളതായി ഞാൻ ഓർക്കുന്നുണ്ടു്. അതു കേവലം വാദത്തിനുവേണ്ടി മാത്രമായി പറയാവുള്ള എതിരാണു്. വിദേശത്തുനിന്നും വരുത്തുന്ന ആർ. വി. ജി. ബീഡിയുടെ ഇറക്കുമതി പെട്ടെന്നു നിർത്തിയാൽ സാധാരണമായി അതു് ഉപയോഗിക്കുന്ന ആളുകൾക്കു് വളരെ ബുദ്ധിമുട്ടുണ്ടാകുമെന്നാണു പറഞ്ഞിട്ടുള്ളതു്. ചില സിഗററുകളെ സംബന്ധിച്ചിടത്തോളം സാധാരണ ഉപയോഗിക്കുന്നതിനെ നിർത്തി വേറെ തരം സിഗററു വലിക്കുന്നതായാൽ വലിയ ബുദ്ധിമുട്ടുണ്ടാകുമെന്നു ചില ആളുകൾ പറയാറുണ്ടു്. ചില സിഗററുകളിൽ കറുപ്പിൻറെ അംശം കലർന്നിട്ടുള്ളതുകൊണ്ടാണു് അങ്ങനെ വിഷമം നേരിടുന്നതു്. വേണമെന്നുണ്ടെങ്കിൽ അതും നിർത്തുവാൻ സാധിക്കും. ആ ന്യായം ബീഡിയെ സംബന്ധിച്ചിടത്തോളം ശരിയാണെന്നു് എനിക്കു തോന്നുന്നില്ല. വിദേശത്തുനിന്നും വളരെയധികം ബീഡി ഇവിടെ വരുത്തുന്നുണ്ടെന്നും ബഹുമനപ്പെട്ട തൊഴിലാളി മെമ്പറുടെ പ്രസംഗത്തിൽനിന്നും വ്യക്തമായിട്ടുണ്ടു്. ഇപ്പോൾ ആർ. വി. ജി. ബീഡി പോലെയുള്ള ബീഡികളും ഈ രാജ്യത്തു് ധാരാളം ഉണ്ടാക്കിവരുന്നുണ്ടു്. പാലക്കാട്ടു് ഉണ്ടാക്കുന്ന വിധത്തിലുള്ള ഇലകളും പുകയും ഉപയോഗിച്ചാണു് ഇവിടെയും ബീഡികൾ ഉണ്ടാക്കുന്നതു്. ഇവിടെയുണ്ടാക്കുന്ന ബീഡിക്കും ആർ. വി. ജി. ബീഡിയുടെ ഗുണങ്ങൾ ഉണ്ടെന്നാണു് പറയുന്നതു്. വിദേശ ബീഡിയിൽ പ്രതിപത്തി കാണിക്കുന്ന ആളുകൾ ആ ബീഡി സാധാരണക്കാർ ഉപയോഗിക്കുന്നതിലും മെച്ചമായിട്ടുള്ളതാണെന്നു കണക്കാക്കുന്നതു് അവരുടെ വിദേശഭ്രമം ഒന്നുകൊണ്ടുമാത്രമാണു്. ശമ്മെണ്ടു മോശത്തുനിന്നും ഈ പ്രമേയത്തെ എതിർക്കുമെന്നു് എനിക്കു തോന്നുന്നില്ല. അതുകൊണ്ടു് ഈ സഭയിലെ മറ്റു് അംഗങ്ങളും ഇതിനെ അനുകൂലിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഇതിനെ പിൻതാങ്ങുന്നു.

Mr. K. R. Viswambharan (*Ezhuvas-Talappalli*): Before resuming the discussion, we would like to hear the opinion of

LIBRARY ARCHIVES Kerala Legislative Assembly

the Government on the various points raised by the hon'ble members who moved and seconded the resolution.

മിസ്റ്റർ എം. കെ. രാമൻ : ഈ പ്രമേയകർത്താവിന്റെ പരിശ്രമവും പരിപാവനവുമായ ഉദ്ദേശത്തെയിയെപ്പറ്റി എനിക്ക വളരെ ബഹുമാനമുണ്ട്. ഞാൻ ആ ഉദ്ദേശത്തോട പ്രത്യേകിച്ചും അനുതപിക്കുന്നുമുണ്ട്. ഈ പ്രമേയത്തെ സംബന്ധിച്ചിടത്തോളമുള്ള സംശതികൾക്ക് സമാധാനം അവതാരകൻതന്നെ പിൻതാങ്ങിയ മെമ്പറംതന്നെ ഇവിടെ പറഞ്ഞുകഴിഞ്ഞിട്ടുണ്ട്. ഈ രാജ്യത്തുള്ള കൈത്തൊഴിലുകൾ ഉണ്ടാക്കുന്ന സാമാനങ്ങൾക്ക കുറെക്കൂടി പ്രചാരം വർദ്ധിപ്പിക്കണമെന്നുള്ള പരിഷ്കൃതമായ ഉദ്ദേശത്തോടകൂടിയല്ല, തൊഴിലാളികൾക്ക ഇണമുണ്ടാകണമെന്നുമുള്ള ആശ്രയത്തോടകൂടിയാണ് ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. എന്നാൽ പ്രായോഗികമായ നിലയിൽ നോക്കുമ്പോൾ ഇതു സാദ്ധ്യമാണോ എന്നു മാത്രമേ ആലോചിക്കുവാനുള്ളു. അവതാരകൻ പറയുകയുണ്ടായി രണ്ടുകോടി എൺപത്തിയെട്ട ലക്ഷം ബീഡി വിദേശത്തുനിന്നും ഇവിടെ വരുത്തുന്നുണ്ടെന്ന്. ഇവിടെയുണ്ടാക്കുന്ന ബീഡിയിൽ ഒരൊറ്റ യെണ്ണംപോലും പുറത്തു പോകുന്നുമില്ല. ഇവിടെയുള്ള ആളുകൾക്ക് എന്തോ ആർ. വി. ജി. ബീഡിയിൽ ഒരു പ്രതിപത്തിയുള്ളതായി കാണുന്നുണ്ട്. അതു അദ്ദേഹം പറഞ്ഞതുപോലെ അവക്കുള്ള വ്യാമോഹം കൊണ്ടായിരിക്കാം. അങ്ങിനെ വ്യാമോഹമുള്ളവർക്ക് അതു കൊടുത്തില്ലെങ്കിൽ അവർ എങ്ങിനെയെങ്കിലും അതു തട്ടിക്കൊണ്ടുവരുവാൻ ശ്രമിക്കാതിരിക്കയില്ല. വിദേശത്തുനിന്നും ബീഡി വരുത്താതിരുന്നാൽ ഇവിടെയുള്ളതുതന്നെ ആളുകൾ ഉപയോഗിച്ചുകൊള്ളുമെന്നപറയുകയുണ്ടായി. അങ്ങിനെ ഇന്നബീഡിയെ വലിക്കുവാൻ പാടുള്ളു എന്ന് നിർബന്ധിക്കുവാൻ ഗവൺമെണ്ടിനു പ്രയാസമാണ്. അങ്ങിനെ നിർബന്ധിക്കുന്നതായിരുന്നാൽ അതു മാനസിക ശാസ്ത്രത്തിനുതന്നെ യോജിച്ചതല്ല എന്നൊരു സംശയം കൂടിയുണ്ട്. ഇവിടത്തെ ബീഡിത്തൊഴിലാളികൾ അവരുടെ പ്രവൃത്തിയിൽ അഭിവൃദ്ധിയെ പ്രാപിച്ച് മറ്റു ടിക്കുകളിലെ ബീഡിയുമായി എല്ലാംകൊണ്ടും കിടപിടിക്കുവാൻ തക്ക നിലയിലുള്ള ബീഡികൾ ഇവിടെ ഉണ്ടാക്കുവാൻ സാധിക്കുമെന്നു കണ്ടുകഴിഞ്ഞാൽ പിന്നെ വിദേശത്തുനിന്നുവരുന്ന ബീഡികൾ താനെ ഇല്ലാതെയാകും. അതുകൊണ്ട് പൊട്ടന്നന്നവെ ഗവൺമെണ്ടിൽനിന്നും ഇങ്ങിനെ പുറമെനിന്നുള്ള ബീഡികൾ ഇവിടെ കൊണ്ടുവരുവാൻ പാടില്ലെന്നുള്ള കർശനമായ ഒരു ഓർഡർ ചെയ്യുവാൻ തരമില്ല. ഇവിടെയുള്ള സാധനങ്ങൾ പ്രചാരപ്പെടുത്തുന്നതിനു എന്തെല്ലാം സൌകര്യങ്ങൾവേണമൊ അവ ന്യായമായി ഉണ്ടാക്കിക്കൊടുക്കുവാനും ഗവൺമെണ്ടു തയ്യാറാണ്. അല്ലാതെ ഇതിൽ പറയുന്ന സംശതി ഒരു ബുദ്ധിപൂർവ്വകമായ നയമായി സ്വീകരിക്കുവാൻ നിവൃത്തിയില്ല. ഇവിടെയുണ്ടാക്കുന്ന പല സാമാനങ്ങളും പുറരാജ്യങ്ങളിലേക്ക പോയികൊണ്ടിരിക്കുന്ന വസ്തുതയെന്നോക്കേണ്ടതുണ്ട്.

പിന്നെ പുകയില ഷാപ്പുകാരും ബീഡി തൊഴിലാളികളും തമ്മിൽ സ്വരച്ചേർച്ചയില്ലായ്മയും വഴക്കുകളും ഉണ്ടാകുന്നുണ്ട്. ഷാപ്പുകൾ ഒന്നായി ലേലം വിളിച്ചു കൊടുക്കുന്നതു എന്നു പറയുകയുണ്ടായി. ഗവൺമെണ്ടു അംഗീകരിച്ചിട്ടുള്ള നയം ഓരോ ഷാപ്പും പ്രത്യേകം പ്രത്യേകമായി ലേലം വിളിച്ചുകൊടുക്കണമെന്നുള്ളതാണ്. ചില സന്ദർഭങ്ങളിൽ ഷാപ്പുകാർ തമ്മിൽതന്നെ യോജിച്ചു കൂടി ഗവൺമെണ്ടിനെ നഷ്ടപ്പെടുത്തുവാൻവേണ്ടി ഒരു സംഘമായിചേർന്ന് ലേലം വിളിക്കാതിരിക്കുമാറും ആ ഷാപ്പുകളെല്ലാം ഒന്നായി കൊടുത്താൽ ഗവൺമെണ്ടിനു ന്യായമായ സംഖ്യ ലഭിക്കുമെന്നു കാണുകയാണെങ്കിൽ അങ്ങിനെ ചെയ്യാറുണ്ട്. അതിനിടയാക്കുന്നതു ലേലം വിളിക്കുവാൻ പറ്റുന്ന ആളുകളാണ്. ഷാപ്പുക്കളെല്ലാം ഒന്നിച്ചു കൊടുക്കാവു എന്നു ഗവൺമെണ്ടിനു യാതൊരു നിർബ്ബന്ധവുമില്ല. തൊഴിലാളികളും മുതലാളിമാരുമായുള്ള

LIBRARY ARCHIVES Kerala Legislative Assembly

മത്സരം എവിടെയും നടന്നുവരുന്നുണ്ട്. അതു് ഇന്നു ഇവിടെ മാത്രമായിട്ടു നാം കാണുന്നതല്ല. എല്ലാ രാജ്യത്തും കണ്ടുവരുന്ന ഒരു സംഗതി മാത്രമാണു്. പ്രായോഗികമായിട്ടുള്ള എല്ലാ സഹായസഹകരണങ്ങളും ഗവമ്മെണ്ടിൽനിന്നും തൊഴിലാളികൾക്കു ചെയ്തുകൊടുക്കുവാൻ തയ്യാറാണു്. അല്ലാതെ ഇതിൽ കൂടുതലായി വളരെ ഖണ്ഡിതമായ ഒരു നില ഈ വിഷയത്തിൽ ഒരിക്കലും ഗവമ്മെണ്ടിനു് എടുക്കുവാൻ സാധിക്കയില്ല. ഗവമ്മെണ്ടിനു കിട്ടേണ്ട സംഖ്യയിൽ കുറഞ്ഞുപോകരുതെന്നുള്ള ഉദ്ദേശമുണ്ടായിരിക്കും. അതു ന്യായമായ മാർഗ്ഗത്തിൽ കിട്ടണമെന്നേയുള്ളൂ. ജനങ്ങൾക്കു് ആവശ്യാനുസരണമുള്ള സാധനങ്ങൾ എത്തിച്ചുകൊടുക്കുവാനുള്ള ചുമതലയും ഗവമ്മെണ്ടിനുണ്ടു്. ആർ. വി. ജി. ബീഡിക്കു് ആവശ്യക്കാർ അധികമുണ്ടെങ്കിൽ അതിനെ തടയുവാൻ ധാർമ്മികമായ നിലയിൽ ന്യായമുണ്ടെന്നു ഗവമ്മെണ്ടിനു തോന്നുന്നില്ല. ഇവിടെയുള്ള ബീഡി പുറമെനിന്നു വരുത്തുന്നവയുമായി മത്സരിച്ചു് കൂടുതൽ ഗുണമുള്ളതാണെന്നു കണ്ടുകഴിഞ്ഞാൽ പുറമെനിന്നു വരുന്നവ താനെ അവസാനിക്കും. ഈ കാര്യത്തിൽ ഗവമ്മെണ്ടിനു് വളരെ അനുഭാവമുണ്ടെങ്കിലും പ്രായോഗികമായി യാതൊന്നും ചെയ്യുവാൻ നിവൃത്തിയില്ല.

മിസ്റ്റർ സി. വി. ഇയ്യു: ബഹുമാനപ്പെട്ട എക്സൈസ്സു് കമ്മീഷണർ R. V. G. ബീഡി കൊച്ചിരാജ്യത്തേക്കു (Smuggle) ചെയ്യുവ്യാജ്യമായി കടത്തികൊണ്ടുവരുമെന്നു് പറയുന്നതു്, ആ ഡിപ്പാർട്ടുമെണ്ടിനുതന്നെ പോരായ്മയാണു്. ആരും സ്മഗിൾ ചെയ്യുകയില്ല. നേരെമറിച്ചു R. V. G. ബീഡിക്കു ധാരാളം ചിലവു ഇവിടെ ഉണ്ടെന്നുകണ്ടാൽ R. V. G. കമ്പനിക്കാർതന്നെ ഇവിടെ ഒരു ഫാക്ടറി തുടങ്ങും. അപ്പോൾ ഗവമ്മെണ്ടിനു കൂടുതൽ ആദായവും കിട്ടും; നാട്ടിലുള്ളവക്കു തൊഴിലും ആയി. ഇപ്പോൾ തൊഴിലാളികൾ ആവശ്യപ്പെട്ടിട്ടുള്ളതു് കൊച്ചിരാജ്യത്തിലുള്ള തൊഴിലാളിവർഗ്ഗത്തിനു കൂടുതൽ പ്രവർത്തന സൌകര്യവും തൊഴിലും ഉണ്ടാക്കണമെന്നാണു്. ബീഡി ഉണ്ടാക്കാനുള്ള ചുക്ക അവിടെനിന്നുതന്നെ കൊണ്ടുവരണം. ഇൻഡ്യയിൽ പുറമെനിന്നുള്ള ആളുകൾ വന്നു് വ്യവസായം നടത്തുവാനുള്ള കാരണം ഇന്ത്യാ ഗവമ്മെണ്ടിന്റെ ചില നിയമങ്ങളാണു്. വ്യവസായം ഒരു നാട്ടിലുണ്ടാക്കാൻ സാധിക്കുന്ന സംസ്കൃത സാധനങ്ങൾ അന്യനാട്ടിൽനിന്നു കൊണ്ടുവരാൻ പാടില്ലെന്നു ഒരു ഗവമ്മെണ്ടു നിബന്ധന വെക്കുമ്പോൾ ആ സാധനങ്ങൾ നാട്ടിൽതന്നെ ഉണ്ടാക്കുന്നതിനുള്ള കമ്പനികൾ സ്ഥാപിച്ചുതുടങ്ങും. അതുപോലെതന്നെ R. V. G. ബീഡി ഇവിടെ ധാരാളം ചിലവുണ്ടെങ്കിൽ R. V. G. കമ്പനിതന്നെ ഇവിടെ ഒരു തൊഴിൽശാല സ്ഥാപിക്കും. അതുകൊണ്ടു് ഈ നിശ്ചയം ഗവമ്മെണ്ടു സ്വീകരിച്ചാൽ കൊള്ളാമെന്നു എനിക്കപേക്ഷയുണ്ടു്.

മിസ്റ്റർ എം. കെ. രാമൻ: അതുകൊണ്ടു ഇവിടത്തെ തൊഴിലാളികൾക്കു വല്ല ഉണവുമുണ്ടൊ?

മിസ്റ്റർ സി. വി. ഇയ്യു: ഉണ്ടു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: പാലക്കാട്ടുനിന്നു തെക്കുള്ള കൊണ്ടുവന്നാൽ മാത്രമേ R. V. G. ബീഡി ആകയുള്ളൂ എന്നുണ്ടോ? അവിടെയുള്ള ആളുകൾ ഇവിടെ വന്നു് ഇവിടെയുള്ള തൊഴിലാളികളെക്കൊണ്ടു് തെറിപ്പിച്ചാൽ R. V. G. ബീഡി ആകയില്ലെ?

Mr. A. V. Moothedan (*Chalakkudi*): I wish to support this resolution. There is already another resolution given notice of by me in the Agenda—No. 57 to the same effect. The object is very simple and clear. There are very many unemployed people and the unemployment is on the increase. We want to provide s ome employment for these poor and suffering people

LIBRARY ARCHIVES Kerala Legislative Assembly

It was said that about 285 lakhs of beedies are imported here and that the cost of these would come to about Rs. 10,000. If we check this import of finished beedies we can provide employment for about 100 persons daily. This is a very simple proposition to help unemployed persons. It won't affect any international policy.

My friend the hon'ble member for Excise was saying that if we restrict the import of these foreign beedies, persons who smoke foreign beedies would not like it. So, does he say that he is not restricting the import for the sake of pleasing those people. If a person says he wants Travancore toddy, because it is sweeter than Cochin toddy, will the Commissioner allow him to get it?

Mr. M. K. Raman (*Commissioner of Excise*): We are speaking of normal conditions.

Mr. A. V. Moothedan (*Chalakkudi*): This is a very simple matter. There is no great policy involved. This is to provide work for a few people so that their activities are not diverted to mischievous channels. So what I suggest to the Government is, that taking into consideration the simplicity and the harmlessness of the resolution, they should view this matter sympathetically.

* മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: മിസ്റ്റർ പ്രസിഡെണ്ട്, സർ, ബഹുമാനപ്പെട്ട തൊഴിലാളി മെമ്പർ അവതരിപ്പിച്ചിരിക്കുന്ന ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഇതു സ്വീകരിക്കുന്നതിനു നിവൃത്തിയില്ലെന്നു എക്സൈസ്സ് മെമ്പർ പ്രസ്താവിക്കപ്പെട്ടതു അദ്ദേഹം പ്രതിനിധീകരിക്കുന്ന ഭാവനാത്മകമായ ഒരു ഡിപ്പാർട്ട്മെണ്ടിന്റെ മക്കടമുഷ്ടിയാണെന്നാണു എനിക്കു പറയാനുള്ളതു്.

മിസ്റ്റർ എം. കെ. രാമൻ: വല്ല ഭാവനയുമുണ്ടെങ്കിൽ അതു ഈ ഡിപ്പാർട്ട്മെണ്ടിലെ ഉള്ളൂ.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: അദ്ദേഹം, ഈ R. V. G. ബീഡി വലിക്കുന്ന അനവധി ആളുകൾ കൊച്ചീരാജ്യത്തുണ്ടെന്നും അതുകൊണ്ടു അതു അവർക്കു വരുത്തിക്കൊടുക്കാൻ ധാർമ്മികമായ ഒരു കടമ ഗവർമ്മെണ്ടിനുണ്ടെന്നുമാണു പറഞ്ഞതു്. ഞാൻ പറയുന്നതു, മൂന്നുകോടിയോളം ബീഡികളുണ്ടാക്കാൻ തക്കവിധം ആ തൊഴിൽ അറിയാവുന്നവർക്കു തൊഴിലുണ്ടാക്കി കൊടുക്കാനും, അതുവഴി തൊഴിലില്ലായ്മ ഇല്ലാതാക്കാനും അദ്ദേഹത്തിനു ധാർമ്മികമായ ചുമതലയുണ്ടെന്നതാണു്. തൊഴിലില്ലായ്മയെ ഇല്ലാതാക്കാൻ പ്രസംഗങ്ങളും പ്രമേയങ്ങളും മറ്റും ഗവർമ്മെണ്ടു് നടത്തുന്നുണ്ടു്. പക്ഷേ നിസ്സാരങ്ങളായ ഇത്തരം കാര്യങ്ങളിൽ ചില വിട്ടുവീഴ്ചകൾ ചെയ്യാൻപോലും ഗവർമ്മെണ്ടിനു മനസ്സില്ല. അതിൽ പരിതപിക്കേണ്ടിയിരിക്കുന്നു. പിന്നെ ഈ അനുകമ്പാപ്രകടനം കൊണ്ടെന്താണു ഫലം? ഈ പ്രമേയംവഴി ആവശ്യപ്പെട്ടതു ഇവിടെയുണ്ടാക്കുന്ന ബീഡികൾ ഉപയോഗപ്പെടുത്താനും അതുവഴി തൊഴിലാളികൾക്കു തൊഴിലുണ്ടാക്കി കൊടുക്കണമെന്നുമാണു്. അതിൽ ഗവർമ്മെണ്ടിനു യാതൊരു വിധത്തിലും നഷ്ടവുമില്ല. R. V. G. ബീഡികൾ ഇവിടെ വരുത്തപക്ഷം ആളുകളൊക്കെ അതിനുവേണ്ടി പാലക്കാട്ടേക്കുപോയി സ്റ്റോക്ക്

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുകൊണ്ടുവരുമെന്നു പറയുന്നതു പ്രായോഗികമാണെന്നു നിരൂപിക്കുമെന്നില്ല. ഈ തൊഴിൽ പഠിച്ചു അനവധി ആളുകളിവിടെയുണ്ടു്. അവർക്കു തൊഴിൽ കൊടുക്കാൻ ഇപ്രകാരം ഒരു നിബന്ധന എക്സൈസ്സു് റൂൾസിലുണ്ടാക്കുന്നതു നല്ലതാണു്. അതുകൊണ്ടു് ഈ കാര്യത്തിൽ ഇവിടത്തെ തൊഴിലാളികൾക്കു അനുകൂലമായ വിധത്തിൽ വേണ്ടതു ചെയ്യുകൊടുക്കാൻ ഞാൻ എക്സൈസ്സു് മെമ്പറവർകളോടു അപേക്ഷിക്കുന്നു.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: സർ, ബഹുമാനപ്പെട്ട എക്സൈസു് മെംബർ പറഞ്ഞ വിധത്തിൽ ലേബർ മെംബർ മിസ്റ്റർ കുട്ടിയുടെ പ്രമേയത്തിന്റെ ഉദ്ദേശത്തോടെനിക്കും വളരെ അനുകമ്പയുണ്ടു്. എങ്കിലും ഈ കാര്യം നടപ്പിൽ വരുത്തുന്നതിൽ പല തരത്തിലുള്ള പ്രതിബന്ധമുണ്ടെന്നാണു് എനിക്കു പറയാനുള്ളതു്. എക്സൈസു മെംബർ പറഞ്ഞതു മാത്രമല്ല എനിക്കു് വിഷമമായി തോന്നുന്നതു്. കൊച്ചി രാജ്യത്തിനു ചുറ്റും വലുതായ രാജ്യങ്ങൾ പലതുമുണ്ടു്. ഇതേവരെ കൊച്ചി രാജ്യത്തിൽ അന്യദേശങ്ങളിൽ നിന്നു സംസ്കൃതമോ അസംസ്കൃതമോ ആയ സാധനങ്ങൾ കൊണ്ടുവരുന്നതിനു തടസ്സമുണ്ടെന്നു്—പ്രത്യേകം ചില സംഗതികളിലൊഴിച്ചാൽ—കേട്ടിട്ടില്ല. ഇവിടെ ഉണ്ടാക്കുന്ന പലെ സാധനങ്ങൾ മറ്റു പലേ രാജ്യങ്ങളിലേയ്ക്കും, അതുപോലെ കയറ്റി അയക്കുന്നുണ്ടു്. അങ്ങിനെയിരിക്കെ അതായതു് കൊച്ചി രാജ്യം ഒരു "സെൽഫ് കണ്ടോൾഡ് യൂണിറ്റ്" അല്ലാതിരിക്കുന്ന കാലത്തോളം കൊച്ചിയിലെ ജനങ്ങൾക്കു ജീവിതം നയിക്കാൻ നിവൃത്തിയില്ലാതാകും. ഇവിടത്തെ തേങ്ങ, വെളിച്ചെണ്ണ, അടക്ക ഇതൊക്കെ ധാരാളമായി കയറ്റി അയയ്ക്കുന്നുണ്ടു്. അതു അന്യ രാജ്യങ്ങളിലാണു് ചിലവാകുന്നതു്. അതുപോലെ അവിടങ്ങളിൽ നിന്നു പല സാധനങ്ങൾ ഇവിടേയും കൊണ്ടുവരുന്നുണ്ടു്. അങ്ങിനെ ഇരിക്കെ ഈ ഒരു കാര്യത്തിൽ മാത്രം കൊച്ചിക്കാർക്കു നിർബ്ബന്ധം പിടിക്കാമൊ? അങ്ങിനെ പിടിച്ചാൽ അതിന്റെ വൈഷമ്യത്തു എന്തായിരിക്കും.

പിന്നെ തൊഴിൽ ഇല്ലായ്മ കൊച്ചി രാജ്യത്തിൽ തന്നെയല്ല, ഇൻഡ്യ ഒട്ടുക്കു ഉള്ള വലിയ ഒരു പ്രശ്നമാണു്. പുറമെ നിന്നു ബീഡി ഇവിടെ വരുന്നുവെന്നുള്ളതിനാൽ ഇവിടത്തെ തൊഴിലാളികൾക്കു തൊഴിലില്ലാതാകുന്നുവെന്നുള്ളതാണു് ഈപ്രമേയത്തിൽ അന്തർഭവിച്ചു കിടക്കുന്ന കാര്യം. ഇവിടെ ബീഡി പുറമെ നിന്നു കൊണ്ടുവരുന്നതിനു പലെ കാരണങ്ങളുമുണ്ടാകാം. ഒന്നാമതായി പുറമെയുള്ള ബീഡിതൊഴിലാളികൾക്കു കൊടുക്കുന്ന കൂലി ഇവിടത്തെ ബീഡി തെറുപ്പുകാർക്കു കൊടുക്കുന്നതിനേക്കാൾ കുറഞ്ഞ കൂലിയായിരിക്കാം. അതായിരിക്കാം പുറമെ നിന്നു ഇവിടെ ബീഡി കൊണ്ടുവന്നു ഒരു കമ്പോളം ലഭിക്കുവാൻ കാരണം. അല്ലെങ്കിൽ അവിടെ നിന്നു വരുന്ന ബീഡികൾക്കു ഇവിടെ ഒരു മാർക്കറ്റ് കിട്ടുവാൻ സാധിക്കയില്ല. അതല്ല കാരണമെങ്കിൽ ബീഡിയുടെ നിർമ്മാണത്തിൽ എന്തോ ചില പിശകുകളിവിടെയുണ്ടായിരിക്കണം. അവിടെ ആയിരം ബീഡിക്കു ഒരു രൂപ, ആണെങ്കിൽ, അതേ വിലക്കു ഇവിടത്തെ ബീഡിയും കിട്ടുമെങ്കിൽ ഇവിടെ വിദേശബീഡിക്കു് ചിലവു ഉണ്ടാവാൻ നിവൃത്തിയുണ്ടായിരിക്കയില്ല.

മിസ്റ്റർ വി. കെ. കുട്ടി: അതല്ല കാരണം. അവിടെ ഇവിടത്തേക്കാൾ നികുതി കുറവാണു്. ബ്രിട്ടീഷിൽ എല്ലാ സ്ഥലത്തും ബീഡി തെറുത്തു വില്ക്കാം. അതിനു പ്രത്യേകം ലൈസൻസു വേണ്ട.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: മേൽപറഞ്ഞ കാരണങ്ങൾ ഇല്ലെങ്കിൽ ഇവിടത്തേക്കാൾ നല്ല ബീഡികളായിരിക്കണം അവരുടെത്. ഞാൻ ആരുടേയും ചരക്കിനെ കുറ്റം പറയുകയല്ല, ഒരു കച്ചവടക്കാരന്റെ ചരക്കു മറ്റുള്ളവയേക്കാൾ നല്ലതാണെന്നു കണ്ടാൽ കമ്പോളത്തിൽ അതിനു കൂടുതൽ ചിലവു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടാകും. വിദേശബീഡി ഇവിടെ വിലവാകുന്നതിനാൽ ഇവിടത്തെ തൊഴിലാളികൾക്കു ജോലി കുറയുന്നുവെന്നും വേലയ്ക്കനുസരിച്ചു കൂലി കിട്ടുന്നില്ലെന്നും ആണ് ആക്ഷേപം. അതിനേതെങ്കിലും തരത്തിൽ നിവൃത്തിയുണ്ടാക്കാൻ പരിശ്രമിക്കാമെന്നല്ലാതെ പുറമെയുണ്ടാക്കുന്ന സാധനങ്ങൾ ഇവിടെ കൊണ്ടുവരാൻ പാടില്ലെന്നു പറഞ്ഞാൽ ഒരു പക്ഷെ ഇവിടെയുണ്ടാക്കുന്ന സംസ്കൃത സാധനങ്ങളൊന്നും അവിടേയ്ക്കു കടത്താൻ പാടില്ലെന്നു തിരുവിതാംകൂർ ഗവ മ്മെണ്ടോ, ബ്രിട്ടീഷ് ഗവമ്മെണ്ടോ പറഞ്ഞാൽ നമ്മൾക്കതൊരു വലിയ വിഷമമായിതീരും. അതിന്നും പുറമെ ഇൻറർപോർട്ടൽ ഉടമ്പടി അനുസരിച്ചും മേൽപ്രകാരം ഒരു നിബന്ധന നടപ്പിൽ വരുത്തുവാൻ തടസ്ഥമുണ്ടെന്നാണ് എനിക്കു തോന്നുന്നതു്.

മിസ്റ്റർ വി. കെ. കുട്ടി: അതു ഞാൻ പറഞ്ഞില്ല.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: നിങ്ങൾ പറഞ്ഞതായി ഞാൻ പറഞ്ഞില്ല. തൊഴിലാളി മെംബറോ എക്സൈസ് മെംബറോ പറഞ്ഞതായി ഞാൻ പറയുന്നില്ല. ഇതു ഞാൻ തന്നെ പറയുന്നതാണു്. അങ്ങിനെ വരുന്ന പക്ഷം നമ്മൾക്കിന്നുള്ള കച്ചവട സ്വാതന്ത്ര്യത്തിൻറെ ഭവിഷ്യത്തെന്താണെന്നാണു് ഗാഢമായി ചിന്തിക്കേണ്ടതു്. അതിനാൽ ഇതിനെ ഒരു നിസ്സാര നിലയിൽ വീക്ഷിക്കരുതു് എന്നു് അപേക്ഷയുണ്ടു്. ഇതിനെക്കുറിച്ചു ശരിയായ ഒരഭിപ്രായം പറയാൻ ആത്യാവശ്യമായ കാര്യങ്ങൾ അറിയാൻ പാടില്ലാത്തതിനാൽ ഞാൻ ഇത്രയും പറഞ്ഞുകൊണ്ടവസാനിപ്പിക്കുന്നു.

മിസ്റ്റർ കെ. എസ്. പണിക്കർ: സർ, മഹാശയനായ ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി തെക്കെ മെംബർ അവർകളുടെ മഹാമനസ്കതക്കു നന്ദി പറയാതെ നിവൃത്തിയില്ല. അദ്ദേഹത്തിൻറെ വിശാലബുദ്ധി കാണുമ്പോൾ സങ്കുചിതബുദ്ധിയായ എനിക്കു കാച്ചിലജ്ജ തന്നെയുണ്ടു്. കാരണം ഒരിക്കൽ ഒരാൾ സദുപദേശിയുടെ—ഖദർ—ധരിക്കണമെന്നുപറഞ്ഞുകൊണ്ടു് വിദേശവസ്ത്രം വാങ്ങുവാൻ പോകുന്ന ഒരാളെ പിടിക്കുകയും ചെയ്തുകൊണ്ടു് ഒരു പ്രസംഗം ചെയ്തപ്പോൾ അദ്ദേഹം പറഞ്ഞതു് ഇങ്ങനെയാണു് നിങ്ങൾ എപ്പോഴും സങ്കുചിതബുദ്ധിയാണു്, ഇന്ത്യയെന്നും വിദേശമെന്നും വ്യത്യാസപ്പെട്ടു കാണുന്നതു് സങ്കുചിതബുദ്ധികളാണു്. എല്ലാം നമ്മുടെ സഹോദരങ്ങളാണു്. പാശ്ചാത്യനെന്നും പൌരസ്ത്യനെന്നും ഭേദബുദ്ധി വിശാലമനസ്കതയുടെ ലക്ഷണമല്ല. വിദേശവസ്ത്രവും തൊഴിലാളികൾ ഉണ്ടാക്കുന്നതുതന്നെയാണു്. ഒരു ഇന്ത്യാക്കാരൻറെ ഡെയിലി ആവറേജ് വരവു് എന്താണെന്നറിയാമോ? താരതമ്യേന വളരെ തുച്ഛമാണു്. അതുകൊണ്ടു മിതവ്യയ പരിശീലനം ഇൻഡ്യാക്കാരനു പ്രത്യേകം ആവശ്യമാണു്. ഖദർ വിലകൂടിയതാണു്. വിദേശവസ്ത്രത്തിനു വിലകുറവാണു്. ഒരു ഖദറിൻറെ വിലകൊണ്ടു് ഉറപ്പും മേന്മയും കൂടുതലുള്ള രണ്ടു വിദേശവസ്ത്രം വാങ്ങിക്കുവാൻ കഴിയുകയില്ലെ? വിദേശികളും നമ്മുടെ സഹോദരന്മാരല്ലെ. ഇൻഡ്യയിലുള്ള സാധനങ്ങൾ കൊണ്ടു തന്നെ ഇൻഡ്യാക്കാർക്കു കഴിഞ്ഞുകൂടുവാൻ കഴിയുമെ. നിങ്ങൾ മഹാമനസ്കത കാണിക്കണ്ടേ. എന്നൊക്കെ വിദേശവസ്ത്രം വാങ്ങിക്കാൻ വന്ന ഒരാൾ ഖദർ ധാരിയായ പിക്കറ്റുകാരനെ ഉപദേശിച്ചതായിട്ടു എനിക്കു അനുഭവപ്പെട്ടിട്ടുണ്ടു്. എന്നാൽ ആ ഉപദേശകൻ ഖദർധാരിയായിരുന്നു. ഇവിടെ അതു വ്യത്യാസപ്പെട്ടിട്ടുണ്ടു്. ഇവിടെ ഖദർധാരിയായ ഒരാൾ വിദേശി സാമാനം വാങ്ങിക്കണമെന്നു ഉപദേശിച്ചിട്ടുള്ളതായിട്ടാണു് അനുഭവപ്പെട്ടിട്ടുള്ളതു്. ഇതു് എന്നെയും ബാക്കിയുള്ളവരേയും അത്ഭുതപ്പെടുത്താതിരിക്കുവാൻ നിവൃത്തിയില്ല.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇതു് കൊച്ചിയിൽ ഉണ്ടാക്കിയതല്ല തിരുപ്പൂർ ഖാദിയാണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എനിക്ക് മനസിലായി. കൊച്ചി രാജ്യത്തു് അനവധി ബീഡി തൊഴി-ാളികൾ തൊഴിലില്ലാതെ കഷ്ടപ്പെട്ട പ്പോൾ കൊച്ചി രാജ്യത്തേക്കാവശ്യമായ ബീഡികൾ കൊച്ചി രാജ്യത്തു ത ന്നെ ഉണ്ടായി തീരണമെന്ന സങ്കുചിതബുദ്ധിയായ തൊഴിലാളി മെം ബർ കൊണ്ടുവന്നിട്ടുള്ള ഈ പ്രമേയത്തെ അതുപോലെ ഒരു സങ്കുചിതബുദ്ധി യായ ഞാൻ അനുകൂലിക്കയാണ് ചെയ്യുന്നതു്.

പക്ഷെ തൊഴിലാളി പ്രസ്ഥാനത്തെ മുന്നോട്ട നയിച്ചുകൊണ്ടുപോകുന്ന ഒ രു രാഷ്ട്രീയസ്ഥാപനം തൊഴിലാളികളുടെ കായ്ത്തിൽ ഒരു വിപരീതനയം അവലംബിക്കുമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. തൊഴിലാളികളെ വ്യാമോ ഹിപ്പിക്കുന്ന വിദ്യ ഇനിയെങ്കിലും വിടണം.

കൊച്ചീരാജ്യത്തുണ്ടാക്കുന്ന ബീഡികൾ R. V. G. ബീഡിയെപ്പോലെ നന്നായിരിക്കയില്ല. അതുകൊണ്ടു് R. V. G. ബീഡി ഇവിടെ കൊണ്ടു വരാതിരിക്കാൻ നിവൃത്തിയില്ല. അതിനാൽ ലൈസൻസ്സിൽ ഇങ്ങിനേയു ള്ള നിബന്ധനകൾ ചെയ്യുവാൻ നിവൃത്തിയില്ലെന്നു ബഹുമാനപ്പെട്ട അബ് ക്കാരി മെമ്പർ ഇവിടെ പ്രസ്താവിച്ചു. അദ്ദേഹം വകുപ്പദ്ധ്യക്ഷനായിരിക്ക ുന്ന ഒരു വകുപ്പിനു അപമാനം വരത്തക്ക രീതിപ്രായം പറഞ്ഞതിൽ, പരിഷ് കൃതമായ ഈ നിയമസഭയിൽ പ്രഖ്യാപനം ചെയ്തതിൽ, എനിക്കു വളരെ വ്യസനമുണ്ടു്. കൊച്ചീശവമ്മെണ്ടു്, പാലക്കാട്ടുകാരായ കൌണ്ടന്മാരെക്കാളും കൊച്ചീരാജ്യത്തെ ബീഡിതൊഴിലാളികൾ മോശക്കാരാണെന്നു പറയുന്നതിൽ ലജ്ജിക്കയല്ലാതെ നിവൃത്തിയില്ല. ആ കൌണ്ടന്മാരുടെ ബീഡിക്കു വലിയ ആഗ്രഹമുള്ളവർ ഇവിടെ ഉണ്ടെന്നു ശവമ്മെണ്ടു് പറയുന്നു. ഈ ഒരു വ്യാപാ രത്തിനു് ഇവിടെ അധികം സൌകര്യം ഉണ്ടെന്നു കണ്ടാൽ പാലക്കാട്ടുകാർ ത ന്നെ ഇവിടെവന്നു ഈപ്രവൃത്തി തുടങ്ങുമെന്നും അപ്പോൾ നമ്മുടെ ഇവിടത്തെ തൊഴിലാളികൾക്കു തൊഴിൽ കിട്ടുമെന്നും മനസ്സിലാക്കാനുള്ള ഒരു ബുദ്ധിയി ല്ലാത്ത ആളായിരിക്കും ഇപ്പോഴത്തെ എക്സൈസ്സ് വകുപ്പദ്ധ്യക്ഷൻ എന്നു വി ചാരിക്കുവാൻ എനിക്കു നിവൃത്തിയില്ല.

പിന്നെ ഒരു സംഗതി ഞാൻ പറയാം. ഈ ബീഡി തീപ്പിടിക്കുന്നതിനെ സംബന്ധിച്ചു അടുത്തകാലത്തു ശവമ്മെണ്ടിനുതന്നെ ഇൻറർഫിയർ ചെയ്യേ ണ്ടതായി വന്നിട്ടുണ്ടു്. അതു് ഒരു താലൂക്കിൽ ഒട്ടുകയെയുള്ള ബീഡി വില്ല നക്കായുള്ള ലൈസൻസ്സു് ഒരാൾക്കു് കരാർ കൊടുത്തതുകൊണ്ടാണെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. അതിനു് മേലാൽ ഇടവരുത്തെന്നു ഇപ്പോഴത്തെ വകുപ്പദ്ധ്യക്ഷനോടു പറഞ്ഞതുകൊണ്ടു് അങ്ങിനേയുള്ള സംഭവം മേലാൽ ഉ ണ്ടാകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

ബഹുമാനപ്പെട്ട ചാലക്കുടി മെമ്പർ തിരുവിതാംകൂർ കള്ളാണു് കൊച്ചി യിലെ കള്ളിനേക്കാളും മധുരമുള്ളതും നല്ലതും എന്നു ഇവിടെ പറഞ്ഞു. അതു് ഞങ്ങൾക്കു വളരെ അപമാനമുള്ള ഒരു സംഗതിയാണു്. അതു സമ്മതിച്ചു കൊടുക്കുവാൻ ഞങ്ങൾ തയ്യാറില്ല.

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ: തിരുവിതാംകൂർ കള്ളിനാണു് മധുരം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതൊരു തമിഴബ്രാഹ്മണൻ പറഞ്ഞാ ൽ വിശ്വസിക്കാൻ വിഷമമാണു്. നെമ്മാറയിലെ പനങ്കള്ളെടുത്തു ഉപമിക്കരു തു്. തെങ്ങിൻകള്ളിന്റെ കായ്മാണം പറഞ്ഞതു്. കൊച്ചിയിലെ കള്ളുകടിക്കാ തെ തിരുവിതാംകൂറിലെ കള്ളു ആരെങ്കിലും കൊച്ചിയിൽ കൊണ്ടുവന്നുകുടിച്ചാ ൽ ഞങ്ങൾ സൈ്ട്രക്കുണ്ടാക്കും. ഇരിങ്ങാലക്കുട റെയിഞ്ചിലേക്കു ബ്രിട്ടീഷിൽ നിന്നു ചക്കരകള്ളുകടത്തി മദ്യത്തോടു ചേർത്തു വില്പന നടത്തുന്നതുപോലെയാ യാൽ സ്ട്രൈക്കു് ഉണ്ടാക്കാതിരിപ്പാൻ ഞങ്ങൾക്കു സാധിക്കയില്ല. ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

എല്ലാതൊഴിലുകളും എല്ലാജാതിക്കാരുംകയ്യേറിട്ടുണ്ട്". എന്നാൽ ആരും കയ്യേറാത്തഒരു തൊഴിൽ ഇതു മാത്രമെയുള്ളൂ.

ഈ ബീഡി ഇവിടെതന്നെ ഉണ്ടാക്കുന്നതുകൊണ്ട് ഗവമ്മെണ്ടിനു മുതൽമുടക്കും നഷ്ടവും ഇതിൽ വരാനില്ല. R. V. G. ബീഡി ഇവിടെ വേണമെന്നുള്ള നിർബ്ബന്ധക്കാരും ഉണ്ട്എന്നുള്ള ഒരൊറ്റകാര്യമെ ഗവമ്മെണ്ടിനു ഇതിൽ പറയാനുള്ളൂ. പാലക്കാട്ടു മുനിസിപ്പാലിറ്റിതന്നെ ഈ ബീഡി തീക്കുന്നതിനു ലൈസൻസ്സ് വേണമെന്നു ആവശ്യപ്പെട്ടിട്ടുണ്ട്. ലൈസൻസ്സ് എടുത്തിട്ടെ അവിടെ ബീഡി തീക്കുവാൻ പാടുള്ളൂ എന്നവരുന്നപക്ഷം ആരായത്തെ ഉദ്ദേശിച്ചു് ഈ ഷാപ്പു ലേലക്കാർതന്നെ ഇവിടെ ആ ബീഡി തിരിപ്പിക്കുന്നതിനു വേണ്ട സ്ഥിതിഗതികൾ ഇവിടെ ഉണ്ടാക്കിയേക്കും. ഇലയും ചുക്കയും ബ്രിട്ടീഷിൽ നിന്നാണ് നമുക്ക് കിട്ടുന്നതു്. ബീഡിയായിസംസ്കരിക്കുന്ന ചിലവു നമ്മുടെതൊഴിലാളികൾക്കു കിട്ടേണ്ടതാണെന്നും അതിനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കണമെന്നുമാണു ഞങ്ങൾ പറയുന്നതു്. അതുകൊണ്ട് ഗവമ്മെണ്ട് ഈ പ്രമേയം സ്വീകരിക്കയാണു വേണ്ടതു്. ഗവമ്മെണ്ടിന്റെ സന്മനോഭാവത്തെയും സൽപേരിനേയും നിലനിർത്തുന്നതിനുവേണ്ടിയെങ്കിലും മേയുക്തമായ ഗവമ്മെണ്ട് ഈ പ്രമേയത്തെ സ്വീകരിക്കേണ്ടതാണ്. മറുരാജ്യങ്ങളുമായുള്ള കച്ചവടബന്ധത്തിനു ഈ ഒരിക്കലും പ്രതിബന്ധമല്ലന്നു മനസിലാക്കണം. ആവശ്യമായ ഈ കാര്യത്തിൽ, അന്യോന്യാശ്രിതന്മാർ കൊണ്ടുവരുന്ന വാദങ്ങളെ എതിർക്കണം എതിർക്കണം എന്നുള്ള ദുശ്ശാഠ്യം എടുക്കാതെ, സാധുക്കളായ ബീഡിതൊഴിലാളികളുടെ ഇണത്തിനു പര്യാപ്തമായ ഈ പ്രമേയത്തെ ഗവമ്മെണ്ട് സ്വീകരിച്ചു ഉടനെ നടപ്പിൽവരുത്തണമെന്ന അപേക്ഷയോടുകൂടി ഞാൻ ബലമായി ഇതിനെ പിന്താങ്ങുന്നു.

*Mr. L. M. Pylee (*Latin Christians-Ernakulam*): Mr. President Sir, I do not wish to continue the discussion about the sweetness of the Cochin or Travancore toddy. I have been in Travancore for some time now and my opinion is that Cochin toddy is sweeter.

